# <u>കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്</u>

**(ഹാജർ: സജീർ എം)**

RCS/76/2024-EA(1) തിരുവനന്തപുരം തീയതി: 18.07.2025

വിഷയം: സഹകരണ വകുപ്പ് - ജീവനക്കാര്യം - സഹകരണ സംഘം സീനിയർ ഇൻസ്പെക്ടർ/ആഡിറ്റർമാരെ സ്പെഷ്യൽ ഗ്രേഡ് തസ്തികയിലേക്ക് നോമിനേറ്റ് ചെയ്ത് ഉത്തരവായത് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം: 1. ഈ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) ടെ 24.01.2024-ലെ RCS/3920/2023-EA (2) നമ്പർ സീനിയോരിറ്റി ലിസ്റ്റ്.

2. ഈ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) ടെ 15.07.2025 ലെ RCS/76/2024-EA (1) നമ്പർ ഉത്തരവ്

3. ഈ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) ടെ 14.03.2025 ലെ RCS/1284/2025-EA (2) നമ്പർ സീനിയോരിറ്റി ലിസ്റ്റ്.

## <u>ഉത്തരവ്</u>

സഹകരണ സംഘം സീനിയർ ഇൻസ്പെക്ടർ / ആഡിറ്റർമാരുടെ പരാമർശം (1) സീനിയോരിറ്റി ലിസ്റ്റിലെ (സീനിയോരിറ്റി ലിസ്റ്റിലെ റാങ്ക് നം.3743) ശ്രീ. അനാമയൻ നമ്പൂതിരി പി എൻ -ന് 45600-95600/- രൂപ ശമ്പള നിരക്കിൽ സഹകരണ സംഘം സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് നോമിനേറ്റ് ചെയ്ത് കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. സീനിയർ ഇൻസ്പെക്ടർ / ആഡിറ്റർമാരുടെ പരാമർശം (3) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ. അനാമയൻ നമ്പൂതിരിയുടെ സീനിയോരിറ്റി റാങ്ക് നം.3859A ആയി പുനഃക്രമീകരിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം സ്പെഷ്യൽഗ്രേഡ് ആഡിറ്റർ തസ്തികയിലേക്ക് നോമിനേറ്റ് ചെയ്തിരുന്ന ക്രമ നം.24 ശ്രീ. അനാമയൻ നമ്പൂതിരിയെ ടി ഉത്തരവിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. മേൽ ഭേദഗതിയോടെ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഒപ്പ്)
സജീർ എം.
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

<u>വ്യക്തിയ്ക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)</u>
<u>പകർപ്പ്</u>

1. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2. ആഡിറ്റ് ഡയറക്ടർ സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ് തിരുവനന്തപുരം
3. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
4. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.എ)